# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **4065**.

**20-03-2018 ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്ത് പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന നെല്ല്

**ചോദ്യം**

ശ്രീ. ഇ.പി.ജയരാജൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശുകിടന്ന എത്ര ഹെക്ടർ ഭൂമിയിൽ പുതുതായി നെൽകൃഷി ആരംഭിക്കുവാൻ കഴിഞ്ഞു വെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ നെൽ കൃഷിയുടെ വിസ്തൃതി 1,96,870 ഹെക്ടർ ആയിരുന്നത് രണ്ട് വർഷം കൊണ്ട് 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ ഭക്ഷ്യാവശ്യം നിറവേറ്റപ്പെടുന്നതിന് പ്രതിവർഷം എത്ര ടൺ അരി/നെല്ല് ആവശ്യമാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്; | (ബി) | 2016-17 ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ അരി ഉല്പാദനം 4,36,483 ടണ്ണായിരുന്നു. ഒരാൾക്ക് 485.4 ഗ്രാം ഭക്ഷ്യധാന്യം ആവശ്യമായിരിക്കെ സംസ്ഥാനത്തെ 3,43,34,885 പൗരന്മാർക്ക് ഒരു വർഷത്തേക്ക് 60,83,145 ടൺ അരി ആവശ്യമായി വരും. 7.18 % മാത്രമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ പ്രതിവർഷം എത്ര ടൺ അരി/നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കൊണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠനങ്ങൾ പ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തെ നെൽകൃഷി വിസ്തൃതിയും ഉല്പാദനവും ചുവടെ പറയും പ്രകാരമാണ്. |

| **വർഷം** | **വിസ്തൃതി (ഹെക്ടർ)** | **ഉല്പാദനം (ടൺ അരി)** |
|---|---|---|
| 2012-13 | 197277 | 508299 |
| 2013-14 | 199611 | 564325 |
| 2014-15 | 198159 | 562092 |
| 2015-16 | 196870 | 549275 |
| 2016-17 | 171398 | 436483 |

| | | | |
|---|---|---|---|
| | | | 2016-17 വർഷത്തിൽ ഉണ്ടായ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയെത്തുടർന്ന് 50917.62 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ കഴിയാതെ വന്നതിനാലാണ് 2016-17 വർഷം ഉദ്പാദനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ